ഹ്രസ്വകാലകാർഷികവായ്പയും എത്ര രൂപാ മദ്ധ്യകാലകാർഷിക വായ്പയും കൊടുത്തിട്ടുണ്ട്;

(ബി) അതിലേയ്ക്ക് എത്ര രൂപ റിസർവ് ബാങ്കിൽ നിന്നും അനുവദിച്ചിരുന്നു; സംസ്ഥാനത്തെ സംഘങ്ങൾ എത്ര രൂപയ്ക്ക് അപേക്ഷിച്ചിരുന്നു?

ഉത്തരം.

(എ) 1955 ജൂൺ 30-ാം തീയതി വരെ അവസാനിക്കുന്ന ഒരു വർഷത്തിൽ State Co-operative Bank-ൽ നിന്നും 1,13,155 (ഒരു ലക്ഷത്തി പതിമൂവായിരത്തി നൂറ്റി അൻപത്തിഅഞ്ച്) രൂപാ ഹ്രസ്വകാലവായ്പ കൊടുത്തിട്ടുണ്ട്. മദ്ധ്യകാലവായ്പകൾ ഇതുവരെ കൊടുത്തിട്ടില്ല.

(ബി) 1954-55 സാമ്പത്തിക വർഷത്തിൽ ഹ്രസ്വകാലവായ്പയ്ക്ക് 20 ലക്ഷം (ഇരുപത് ലക്ഷം) രൂപാ റിസർവ് ബാങ്കിൽ നിന്നും അനുവദിച്ചിരുന്നു. സംസ്ഥാനത്തെ സംഘങ്ങൾ 3,12,625 രൂപക്ക് അപേക്ഷിച്ചിരുന്നു.

ഗവണ്മെൻറ് ഡാക്ടർമാർക്ക് പ്രതിഫലം.

80. [41] ശ്രീ. പി. നാരായണൻപോറ്റി: താഴെ കാണുന്ന ചോദ്യത്തിന് പൊതുജനാരോഗ്യവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

ഗവണ്മെൻറ് ആസ്പത്രികളിലുള്ള ഡാക്ടർമാർ മരുന്നു വിലയിനത്തിൽ സർക്കാരിലേയ്ക്ക് ഒടുക്കേണ്ട തുകയ്ക്ക് പുറമെ വ്യക്തിപരമായി പ്രതിഫലവും, പാരിതോഷികങ്ങളും രോഗികളിൽ നിന്നും സ്വീകരിക്കരുതെന്ന് അനുശാസിക്കുന്ന നിയമങ്ങളെന്തെങ്കിലും നിലവിലുണ്ടോ?

ഉത്തരം.

ഉണ്ട്.

**Loans to Municipalities.**

81. [42] SHRI J. A. BHATT: Will the Minister for Local Self Government be pleased to state:

(a) out of the amount of Rs. 22,89,000 allotted in the current year's budget for advancement as loans to municipalities, what amounts have been disbursed before the end of August 1955 and to which municipalities;

(b) what is the cause for delay;

(c) are any municipalities shown any special consideration; if so, why?

*Answer.*

(a) Nil.

(b) The formalities required under the Local Authorities Loans Act and Rules have not been completed.

(c) No.

LIBRARY ARCHIVES Kerala Legislative Assembly